IV. സബ്മിഷൻ

(1) വാമനപുരം മണ്ഡലത്തിലെ കല്ലറ-പാങ്ങോട് കുടിവെള്ള പദ്ധതി

ശ്രീ. പിരപ്പൻകോട് മുരളി: വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ-പാങ്ങോട് കുടിവെള്ള പദ്ധതി കഴിഞ്ഞ ഒരു വർഷമായി പൂർണ്ണമായ സ്തംഭനാവസ്ഥയിലാണ്. 1998-ലാണ് ഇതിന്റെ പണി ആരംഭിച്ചത്. 2003 ജൂലായിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന ഉന്നതതല ഉദ്യോഗസ്ഥന്മാരുടെ യോഗത്തിൽ വച്ച് പറഞ്ഞത്, 2004 ജനുവരിയിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ്. ഇപ്പോൾ ഇതിന്റെ പ്രധാനപ്പെട്ട പണികളെല്ലാം പൂർത്തിയായി. വെല്ല് (കിണറും), പമ്പിംഗ് ഹൗസ്, ട്രീറ്റ്മെന്റ് പ്ലാന്റ്, ഓവർഹെഡ് ടാങ്ക്, കല്ലറ-പാങ്ങോട് പഞ്ചായത്തുകളിലെ ഡിസ്ട്രിബ്യൂട്ടറി ലൈനുകൾ എന്നിവ പൂർത്തിയായി. പക്ഷേ കിണറിൽ നിന്ന് ട്രീറ്റ്മെന്റ് പ്ലാന്റിലേയ്ക്ക് വെള്ളമെത്തിക്കാനുള്ള പമ്പിംഗ് മെയിൻ പണിയാത്തതുകൊണ്ട് മാത്രം കഴിഞ്ഞ രണ്ടുമൂന്ന് വർഷക്കാലമായി ആയിരക്കണക്കിന് രൂപ ടാങ്കർ ലോറിയിൽ കുടിവെള്ളം എത്തിക്കാനായി ചെലവായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോഴത്തെ അവസ്ഥ പമ്പിംഗ് മെയിൻ പണിയാനുള്ള എസ്റ്റിമേറ്റ് എം.ഡി.-യുടെ മേശപ്പുറത്താണ്. മൂന്ന് എം.ഡി.-മാർ മാറിയിട്ടും അത് ഇതുവരെ ബോർഡിൽ വച്ച് പാസ്സാക്കി ടെൻഡർ ചെയ്തിട്ടില്ല. അത് പണിയാനും ടെന്റർ ചെയ്യാനുമാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം. അതുമായി ബന്ധപ്പെട്ട മൂന്ന് ഉപപദ്ധതികളുമുണ്ട്. പുല്ലമ്പാറ, വെമ്പായം, പനവൂർ പഞ്ചായത്തുകളിലേയ്ക്കും ഈ കിണറ്റിൽ നിന്നാണ് വെള്ളം എടുക്കുന്നത് അതിന്റെ പണി സ്തംഭനാവസ്ഥയിലാണ്. അടിയന്തിരമായി മന്ത്രി ഇടപെട്ട് ഒരു കോൺഫറൻസ് വിളിക്കുകയും എം.ഡി.-യുടെ മുമ്പിലുള്ള പമ്പിംഗ് മെയിനിന്റെ ഫയൽ അടിയന്തിരമായി ബോർഡിൽ വച്ച് തീരുമാനമെടുക്കുകയും ടെന്റർ ചെയ്യുകയും വേണം. പമ്പിംഗ് മെയിൻ സ്ഥാപിച്ചാൽ 2005 ജനുവരിക്ക് മുമ്പ് ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയും. പമ്പിംഗ് മെയിൻ മാത്രമാണ് പ്രശ്നം. ഒരു കോടി രൂപയാണ് ഇതിന്റെ എസ്റ്റിമേറ്റ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ടോട്ടൽ സ്കീം 10 കോടി രൂപയുടേതാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

10.00 a.m.]

ജലവിഭവ വകുപ്പുമന്ത്രി: (ശ്രീ. ടി. എം. ജേക്കബ്ബ്): ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങളെല്ലാം ഞാൻ ആവർത്തിക്കേണ്ട ആവശ്യമില്ല. അദ്ദേഹം അതിന്റെ ഡീറ്റെയിൽസെല്ലാം പറഞ്ഞു. ഇതിന്റെ പണികൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. ഇനി 4500 മീറ്റർ പമ്പിംഗ് മെയിൻ സ്ഥാപിക്കുക എന്നതാണ് ഇപ്പോഴത്തെ ഒരു പ്രധാനപ്പെട്ട ഇഷ്യൂ. അതിന്റെ എസ്റ്റിമേറ്റ് തുക 195 ലക്ഷം രൂപയാണ്. ബഹുമാനപ്പെട്ട അംഗങ്ങൾക്കറിയാം, നേരത്തെ പൈപ്പ് നേരിട്ട് വാങ്ങുന്ന ഒരേർപ്പാടുണ്ടായിരുന്നു. ഇപ്പോഴത് അവസാനിപ്പിച്ചു. Supply and laying-ലാണ് പ്രധാനപ്പെട്ട വർക്കുകളൊക്കെ ചെയ്തുകൊണ്ടിരിക്കുന്നത്. ഉയർന്ന തുകയായതുകൊണ്ട് ബോർഡിന്റെ അംഗീകാരം വേണം. അടുത്ത ബോർഡിൽ ഈ സ്കീമിന്റെ പ്രൊപ്പോസൽ വയ്ക്കാനുള്ള നിർദ്ദേശം കൊടുക്കാം. അതിനുള്ള നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കുകയും ചെയ്യാം. അതുപോലെ തന്നെ അദ്ദേഹം ഇവിടെ പറഞ്ഞ പുല്ലമ്പാറ, വെമ്പായം ഈ രണ്ട് പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സോഴ്സും മറ്റ് കാര്യങ്ങളുമെല്ലാം കോമണാണ്. അവിടെയും കൂടി ഡിസ്ട്രിബ്യൂഷൻ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആവശ്യമാണെങ്കിൽ തീർച്ചയായിട്ടും കോൺഫറൻസ് വിളിക്കാം. ബോർഡിൽ വച്ച് ക്ലിയറൻസ് കിട്ടിക്കഴിഞ്ഞാൽ കോൺഫറൻസിന്റെ ആവശ്യമില്ല.

(2) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയുടെ പ്രവർത്തനം വണ്ടാനത്തേയ്ക്ക് മാറ്റുന്നതു സംബന്ധിച്ച്

ശ്രീ. ഡി. സുഗതൻ: സർ, ആലപ്പുഴ മെഡിക്കൽ കോളേജ് എന്റെ നിയോജക മണ്ഡലത്തിൽ അമ്പലപ്പുഴയിലെ വണ്ടാനത്ത് 1962-ൽ ആർ. ശങ്കറിന്റെ കാലത്താണ് ആരംഭിച്ചത്. അന്ന് അതൊരു സ്വാശ്രയ കോളേജായിരുന്നു. പത്ത് കൊല്ലം കഴിഞ്ഞപ്പോൾ സ്വാശ്രയ കോളേജ് നടത്താൻ കഴിയാതെ വന്നപ്പോഴാണ് ടി.ഡി. മെഡിക്കൽ കോളേജ് ആയത്. നഷ്ടപരിഹാരം കൊടുത്ത് ഗവൺമെന്റ് അത് ഏറ്റെടുത്ത് നടത്തുകയാണ്. 42 വർഷക്കാലമായി ഇതിന്റെ ആശുപത്രി 10 കിലോമീറ്റർ അകലെയുള്ള ആലപ്പുഴ പട്ടണത്തിലാണ് പ്രവർത്തിക്കുന്നത്. ആലപ്പുഴ പട്ടണത്തിൽ ജില്ലാ ആശുപത്രിക്കുവേണ്ടി പണിത കെട്ടിടത്തിൽ 2000 പേരെ കിടത്തി ചികിത്സിക്കാം. വണ്ടാനത്ത് ഇപ്പോൾ രണ്ട് വലിയ കെട്ടിടങ്ങൾ പൂർത്തിയായിട്ടുണ്ട്. ആറര കോടി രൂപ മുടക്കിയ എ, ബി, ബോക്കുകളുടെ പണി പൂർത്തിയായി കഴിഞ്ഞു. അവിടെ കുട്ടികളുടെ വിഭാഗം (പീഡിയാട്രിക്സും പീഡിയാട്രിക് സർജറി വിഭാഗവും) തുടങ്ങാനുള്ള എല്ലാ സംവിധാനവും ആയിട്ടുണ്ട്. ബഹുമാനപ്പെട്ട പി. ശങ്കരൻ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് രണ്ട് പ്രാവശ്യം മെഡിക്കൽ കോളേജ് അങ്ങോട്ട് ഷിഫ്റ്റ് ചെയ്യുന്നതിനെക്കുറിച്ചുള്ള തീരുമാനമെടുക്കുകയും 60 ലക്ഷം രൂപ മുടക്കി അവിടെ ഇലക്ട്രിസിറ്റി കണക്ഷൻ, വാട്ടർ കണക്ഷൻ, ലിഫ്റ്റ്, ഫർണ്ണിച്ചർ തുടങ്ങിയ സൗകര്യങ്ങൾ എല്ലാം പൂർത്തിയാക്കുകയും ചെയ്തു. ഇനിയിപ്പോൾ അങ്ങോട്ട് മാറ്റുന്നതിന് യാതൊരു തടസ്സവും ഇല്ല. ഇത് മാറ്റാത്തതുകൊണ്ട് ജനങ്ങൾ സമരത്തിന് ഒരുങ്ങിക്കൊണ്ടിരിക്കുകയാണ് അതുകൊണ്ട് അടിയന്തിരമായി വണ്ടാനത്ത് പൂർത്തിയായ എ, ബി, ബ്ലോക്കുകളിലേയ്ക്ക് ആലപ്പുഴ നിന്നും മെഡിക്കൽ കോളേജ് ആശുപത്രിയുടെ പ്രവർത്തനങ്ങൾ സമയബന്ധിതമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ടി. കെ. ദേവകുമാർ തന്നിട്ടുള്ള ചോദ്യത്തിനും മിനിസ്റ്റർ മറുപടി പറയണം.

ആരോഗ്യ വകുപ്പുമന്ത്രിക്കുവേണ്ടി വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, ഫിസിക്കൽ മെഡിസിൻ, സൈക്യാട്രി, ഡെർമറ്റോളജി ആന്റ് വെനിറോളജി, റേഡിയോ ഡയഗനോസീസ്, റേഡിയോ തെറാപ്പി എന്നീ വിഭാഗങ്ങളാണ് വണ്ടാനത്ത് ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്. നേരത്തെയുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly